**തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ്, ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**

**ഹാജർ. എം. അശോക് കുമാർ**

വിഷയം:- പൊ.മ.വ - സ്പെഷ്യൽസെൽ - മൂന്നാം ഗ്രേഡ് ഓവർസീയറിനെ 01/01/2008 മുതൽ 29/02/2016 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ടും അധികയോഗ്യത ചേർത്തുകൊണ്ടും, ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:- 1. 15/04/2016 - ലെ ഈ കാര്യാലയത്തിലെ എസ്.സി - 4/14935/2011 - ാം നമ്പർ ഉത്തരവ്

2. 22/10/2020 തീയതിയിലെ ഈ കാര്യാലയത്തിലെ എസ്.സി - 4/14935/11/വാല്യം.II - ാം നമ്പർ നോട്ടീസ്

3. 12/11/2020 - ലെ തിരുവനന്തപുരം കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ജോയിന്റ് ഡയറക്ടറുടെ കത്ത് നം. ഇ2 - 1080/2010/KHRI

**ഉത്തരവ് നമ്പർ എസ്.സി - 4/14935/2011/വാല്യം.II തീയതി 23/12/2020**

പരാമർശം (1) പ്രകാരം 01/01/2008 മുതൽ 29/02/2016 വരെയുള്ള മൂന്നാം ഗ്രേഡ് ഓവർസീയർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേക്കായും വിദ്യാഭ്യാസ യോഗ്യത ചേർക്കുന്നതിലേക്കായും മേലധികാരികൾ സാക്ഷ്യപ്പെടുത്തിയ സേവന വിവരങ്ങളുടേയും വിദ്യാഭ്യാസ യോഗ്യതയുടേയും പകർപ്പുകൾ ലഭ്യമാക്കിയിട്ടുള്ളതാകുന്നു. പരാമർശം (2) നോട്ടീസ് പ്രകാരം മൂന്നാം ഗ്രേഡ് ഓവർസീയറായ ശ്രീ. രാംകുമാർ.എസ് - നെ ടി ലിസ്റ്റിൽ 367(B) സീരിയൽ നമ്പറായി 367(A) സീരിയൽ നമ്പറായിട്ടുള്ള ശ്രീ. ആൽബർട്ട്.പി - ക്കു താഴെ ഉൾപ്പെടുത്തുവാനും ശ്രീ. സതീഷ്കുമാർ.കെ, ശ്രീ. അരുൺതോമസ് എന്നിവരെ യഥാക്രമം 367(C), 367(D) ആയി പുനക്രമീകരിക്കുവാനും താൽക്കാലികമായി തീരുമാനിച്ചിരുന്നു.

പരാമർശം (3) പ്രകാരം ടി ലിസ്റ്റിൽ 365(A) ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. ഷിബു.ഡി.എസ് - ന്റെ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ യോഗ്യത കൂടി ടിയാന്റെ പേരിനു നേരെ യഥാസ്ഥാനത്ത് ചേർക്കേണ്ടതുമാകുന്നു. ടി വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പട്ടിക താഴെ ചേർക്കുന്നു.

| Sl.No | Name | Date of Birth | Educational Qualification | PSC Advice | Appointment order No. | Date of entry in service |
|---|---|---|---|---|---|---|
| 365(A) | D.S Shibu | 30/05/1975 | Blue print Experience certificate, Diploma certificate in Civil Engineering | | EB5-9382/13 dtd. 30/11/13 | 07/12/2013 |
| 367(B) | Ramkumar.A.S | 03/12/1992 | SSLC, Plus II, Civil D'man ITI | G.O No. 189/14 dtd. 26/09/14 | EB5-21862/14/CE/PWD dtd. 20/11/14 | 01/12/2014 |
| 367(C) | Satheeshkumar.K | 23/03/1971 | NTC D'man Civil | | EB5-25691/14/CE/PWD dtd. 12/03/15 | 16/03/2015 |
| 367(D) | Arun Thomas | 26/07/1990 | BE(Civil) | GO(Ms)No.20/2015/PW dt. 18/03/15 | EB5-21862/14/CE/PWD dtd. 24/04/15 | 06/05/2015 |

ഒപ്പ്

പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച നോട്ടീസിലെ താൽക്കാലിക തീരുമാനത്തിൽ പരാതിയോ ആക്ഷേപമോ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-
ചീഫ് എഞ്ചിനീയർ
ഭരണവിഭാഗം

സ്വീകർത്താവ്
വ്യക്തികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്
ഭരണസഹായി (ജനറൽ)/ഐ.റ്റി സെൽ/സ്റ്റോക്ക്ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

Moncy
**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (പി. എഫ്)**

JB